# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.48 | 03/02/2020-ൽ മറുപടിയ്ക്ക്

## ജേക്കബ് തോമസിനെതിരെയുള്ള പരാതി

| ചോദ്യം<br>**ശ്രീ.യു.ആർ.പ്രദീപ്** | മറുപടി<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| **(എ)** ഡി.ജി.പി. പദവിയുള്ള ജേക്കബ് തോമസ് അനധികൃതമായി സ്വത്ത് സമ്പാദിച്ചു എന്നാരോപിച്ചും അതിൽ അന്വേഷണം നടത്തണം എന്നാവശ്യപ്പെട്ടും ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; | **എ)** ഉണ്ട്. |
| **(ബി)** ആരാണ് ഇത്തരത്തിൽ പരാതി നൽകിയിട്ടുള്ളത്; അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | **ബി)** ശ്രീ.സത്യൻ നരവൂർ, സൗപർണിക, കുത്തുപറമ്പ് നൽകിയ പരാതികളും, പേരുവെക്കാത്ത മറ്റൊരു പരാതിയും ലഭിച്ചിട്ടുണ്ട്. 19.6.2017 തീയ്യതിയിൽ ശ്രീ.സത്യൻ നരവൂർ കേന്ദ്ര അഭ്യന്തര മന്ത്രാലയത്തിന് നൽകിയ പരാതി തുടർ നടപടികൾക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇതേ വിഷയത്തിൽ 16.11.18 ലെ മറ്റൊരു പരാതിയും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. 09.6.2017 തീയ്യതി രേഖപ്പെടുത്തി ശ്രീ.സത്യൻ നരവൂർ നൽകിയ ഒരു പരാതിയും പേരോ തീയ്യതിയോ രേഖപ്പെടുത്താത്ത മറ്റൊരു പരാതിയും ഇതേ വിഷയത്തിൽ വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. |
| **(സി)** ഈ പരാതിയിൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | **സി)** ഇതിൽ പേരു രേഖപ്പെടുത്താതെ ലഭിച്ച പരാതിയിൽ CV24/2002/CRE നമ്പരായി ഒരു രഹസ്യാന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ VE2/2007/SCE നമ്പരായി വിജിലൻസ് അന്വേഷണം നടത്തുകയും, തുടർ നടപടികൾ ആവശ്യമില്ല എന്ന വിജിലൻസ് ഡയറക്ടറുടെ ശുപാർശ സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 9/6/2017 ലെ പരാതിയിൽ CV3/2017/SCT നമ്പരായി നടത്തിയ രഹസ്യാന്വേഷണത്തെ തുടർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ SIU-1 മുഖേന ഒരു ഓപ്പൺ എൻക്വയറി നടത്തിവരുന്നു. 19/6/2017 ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് നൽകിയ പരാതിയിൽ ആദായനികുതി വകുപ്പ് നടപടിസ്വീകരിച്ചു വരികയാണ്. ഇതിനുപുറമേ 1988 ലെ പ്രൊഹിബിഷൻ ഓഫ് ബിനാമി പ്രോപ്പർട്ടി |

| | |
|---|---|
| | ട്രാൻസാക്ഷൻ ആക്ട് ലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രസ്തുത ആക്ടിന്റെ പ്രൊവിഷനുകൾ അനുസരിച്ച് പോലീസ് സൂപ്രണ്ട് ക്രൈംബ്രാഞ്ച്, സെൻട്രൽ യൂണിറ്റ്-4 നെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രാഥമിക അന്വേഷണം നടത്തുകയും അഴിമതി നിരോധന നിയമം 1988 ലെ സെക്ഷൻ 13(I)(e) പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് വിജിലൻസ് ഡയറക്ടറെ ചുമതലപ്പെടുത്തണമെന്ന ശുപാർശയോടെ 20/1/2020 ൽ ക്രൈം ബ്രാഞ്ച് ഡയറക്ടർ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. |
| **(ഡി)** നിലവിൽ ജേക്കബ് തോമസ് ഏത് പദവിയാണ് വഹിക്കുന്നതെന്നറിയിക്കുമോ? | **ഡി)** ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഷൊർണ്ണൂർ. |

**സെക്ഷൻ ഓഫീസർ.**